# കേരള പബ്ലിക് സർവീസ് കമ്മീഷൻ

## <u>ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>

1 ഐഡൻറിറ്റി, അഡ്മിഷൻ ടിക്കറ്റ് എന്നിവയുടെ പരിശോധനയ്ക്കായി ഉദ്യോഗാർത്ഥികൾ പരീക്ഷ തുടങ്ങുന്നതിന് അരമണിക്കൂർ മുൻപ് പരീക്ഷാകേന്ദ്രത്തിൽ അവർക്ക് അനുവദിച്ചിട്ടുള്ള ഇരിപ്പിട ത്തിൽ ഹാജരാകേണ്ടതാണ്.

2 ഉദ്യോഗാർത്ഥിയുടെ ഫോട്ടോ പതിച്ച ഒരു തിരിച്ചറിയൽ രേഖയും അതിൻെറ സ്വയം സാക്ഷ്യപ്പെടു ത്തിയ ശരിപകർപ്പും ഹാജരാക്കേണ്ടതാണ്. താഴെപ്പറയുന്ന ഏഴു രേഖകൾ മാത്രമേ തിരിച്ചറിയൽ രേഖയായി സ്വീകരിക്കുകയുള്ളു. തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ വോട്ടർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, കേരള ഗവൺമെൻറ് - സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്ക് നൽകിയ തിരിച്ചറിയൽ കാർഡ്, ദേശസാൽകൃത ബാങ്ക് നൽകിയ ഫോട്ടോ പതിച്ച പാസ്സ് ബുക്ക്, പാൻകാർഡ്, സർക്കാർ ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം നൽകിയ തിരിച്ചറിയൽ കാർഡ്. തിരിച്ചറിയൽ രേഖയുടെ പകർപ്പിന്മേൽ ഉദ്യോഗാർത്ഥിയുടെ രജിസ്റ്റർനമ്പർ രേഖപ്പെടുത്തേണ്ടതാണ്.

**<u>തിരിച്ചറിയൽ രേഖയും പകർപ്പും ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല</u>**

3 ഉദ്യോഗാർത്ഥിയുടെ പേര്, വിലാസം, രജിസ്റ്റർ നമ്പർ മുതലായ വിവരങ്ങൾ ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ നിശ്ചിത സ്ഥലത്ത് എഴുതേണ്ടതും 6 മാസത്തിനകം എടുത്ത കളർ /ബ്ലാക്ക് & വൈറ്റ് ഫോട്ടോഗ്രാഫ് നിശ്ചിതസ്ഥാനത്ത് പതിക്കേണ്ടതുമാണ്. ഇളം നിറത്തിലുള്ള പശ്ചാത്തല ത്തിൽ മുഖം പൂർണ്ണമായും ഫോട്ടോഗ്രാഫിൻെറ മദ്ധ്യഭാഗത്ത് പതിയത്തക്കവിധത്തിലും തോൾഭാഗവു കണ്ണുകളും വ്യക്തമായി കാണത്തക്കവിധത്തിലും4.5.സെ.മീ.X 3.5 സെ.മീഅളവിലുള്ളതും ആയിരിക്കണം. പാസ്പോർട്ട് സൈസിലല്ലാത്തതും, മുഖം വ്യക്തമല്ലാത്തതും മുഖത്തിൻെറ ഒരു വശം മാത്രം കാണത്ത ക്കവിധത്തിലുള്ളതുമായ ഫോട്ടോകൾ ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ പതിക്കുവാൻ പാടില്ല.

**<u>നിശ്ചിതഅളവിലും മാതൃകയിലുമുള്ള ഫോട്ടോ പതിച്ച ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല</u>**

4 ഐഡൻറിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഫോട്ടോയിന്മേലും പേപ്പറിലും പതിയത്തക്കവിധവും സാക്ഷ്യപത്രത്തിനു താഴെയും ഉദ്യോഗാർത്ഥി അസിസ്റ്റൻറ് സൂപ്രണ്ടിൻെറ സാന്നിദ്ധ്യത്തിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ് കൂടാതെ പരീക്ഷാഹാളിൽ നൽകുന്ന അഡ്രസ്സ് ലിസ്റ്റിൽ തൻെറ പേരിനു നേരെയും ഉദ്യോഗാർത്ഥി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

5 ഒ.എം.ആർ ഉത്തരക്കടലാസിൻെറ പാർട്ട് എ-യിൽ രജിസ്റ്റർ നമ്പർ, ജനനത്തീയതി, തസ്തികയുടെ പേര്, പരീക്ഷാതീയതി എന്നിവയും പാർട്ട്-ബി ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ളതാണ്. പാർട്ട് എ-യിൽ രജിസ്റ്റർ നമ്പർ, ജനനത്തീയതി എന്നിവയുടെ ചതുരക്കളത്തിൽ താങ്കളുടെ രജിസ്റ്റർ നമ്പർ, ജനനത്തീയതി എന്നിവ എഴുതുകയും ബന്ധപ്പെട്ട കുമിളകൾ പൂർണ്ണമായി കറുപ്പിക്കുകയും ചെയ്യുക. രജിസ്റ്റർ നമ്പറിനു മുൻപ് നൽകിയിട്ടുള്ള ഇംഗ്ലീഷ് അക്ഷരം പ്രത്യേക ചതുരക്കളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഒന്നിലധികം തസ്തികകൾക്കുള്ള പൊതുപരീക്ഷയ്ക്ക് ലഭിക്കുന്ന ഒ.എം.ആർ ഉത്തരക്കടലാസിൻെറ പാർട്ട് എ-യിൽ ഓരോ തസ്തികയ്ക്കുമുള്ള താങ്കളുടെ രജിസ്റ്റർ നമ്പർ എഴുതുകയും ബന്ധപ്പെട്ട കുമിളകൾ കറുപ്പിക്കുകയും ചെയ്യുക.

6 ഉത്തരക്കടലാസോ,ചോദ്യപുസ്തകമോ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ/അച്ചടിവൈകല്യം ഉള്ളതാണെങ്കിൽ മാത്രമേ ഒ.എം.ആർ ഷീറ്റ് /ചോദ്യപുസ്തകം മാറ്റിനൽകുകയുള്ളു

7 ഒ.എം.ആർ ഷീറ്റിലെ കുമിളകൾ കറുപ്പിക്കുന്നതിന് ഉദ്യോഗർത്ഥികൾ നീല/കറുപ്പ് മഷിയുള്ള ബോൾ പോയിൻറ് പേന മത്രം ഉപയോഗിക്കേണ്ടതാണ്.

8 ഒരു ഉദ്യോഗാർത്ഥിയേയും പരീക്ഷ തുടങ്ങിക്കഴിഞ്ഞാൽ പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതല്ല. നിശ്ചിതസമയത്തിന് മുൻപേ പരീക്ഷ എഴുതിക്കഴിഞ്ഞാലും പരീക്ഷാസമയം കഴിയുന്നതുവരെ ഒരു ഉദ്യോഗാർത്ഥിയേയും പരീക്ഷാഹാളിൽ നിന്ന് പുറത്തു പോകുവാൻ അനുവദിക്കുന്നതല്ല

9 പരീക്ഷ എഴുതുന്നതിനുള്ള സമയം കഴിയുമ്പോൾ മാത്രം ഉത്തരക്കടലാസ് പാർട്ട് എ യും പാർട്ട് ബി യുമായി ഇവിടെ മുറിക്കുക എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനു സമീപം കുത്തുകളിട്ടവരയിലൂടെ (ബാർകോഡിനു മദ്ധ്യഭാഗത്തുകൂടെ) കീറി രണ്ടു ഭാഗങ്ങളും അസിസ്റ്റൻറ്സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്. പരീക്ഷാസമയം കഴിയുന്നതിനു മുൻപായി യാതൊരു കാരണവശാലും എ, ബി പാർട്ടുകൾ വേർപെടുത്തുവാൻ പാടില്ല ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ഉത്തരക്കടലാസ് അസാധുവാക്കും.

10 പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറുകയോ, പരീക്ഷയിൽ അനാശാസ്യ മാർഗ്ഗങ്ങൾ അവലംബിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷാ ഹാളിൽ നിന്നും പുറത്താക്കുന്നതാണ്

11 യാത്രാപ്പടിക്ക് അർഹതയുള്ളവർ അന്നുതന്നെ ചീഫ് സൂപ്രണ്ടിൻെറ പക്കൽ നിന്നും അറ്റൻഡൻസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

12 യാതൊരു കാരണവശാലും പരീക്ഷാകേന്ദ്രത്തിന് മാറ്റം അനുവദിക്കുന്നതല്ല

13 അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ അപേക്ഷകരെയെല്ലാം പരീക്ഷ എഴുതുവാൻ സോപാധികമായി അനുവദിച്ചിരിക്കുകയാണ്. വിശദമായ പരിശോധനയിൽ ന്യൂനതകൾ കാണുന്ന പക്ഷം അത്തരം അപേക്ഷകൾ നിരസിക്കുന്നതാണ്.

14 **ഏതെങ്കിലും കാരണവശാൽ പരീക്ഷ മാറ്റിവയ്ക്കുന്ന പക്ഷം അക്കാര്യവും പുതുക്കിയ പരീക്ഷാ തീയതിയും യഥാസമയം വിവിധ പത്ര, ദൃശ്യ മാധ്യമങ്ങൾ മുഖേനയും കമ്മീഷൻെറ വെബ്സൈറ്റായ www.keralapsc.org-ലൂടെയും അറിയിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. പുതുക്കിയ പരീക്ഷാതീയതിയിൽ ഉദ്യോഗാർത്ഥികൾ ഇതേ അഡ്മിഷൻ ടിക്കറ്റ് തന്നെ ഹാജരാക്കണം.**

## <u>ഒബ്ജക്ടീവ് (ഒ.എം.ആർ) പരീക്ഷ സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ</u>

1 ഒപ്റ്റിക്കൽ മാർക്ക് റീഡർ (OPTICAL MARK READER ) ഉപയോഗിച്ച് മൂല്യനിർണ്ണയം ചെയ്യാവുന്ന ഉത്തരക്കടലാസുകളാണ് (OMR ANSWER SHEET) ഈ പരീക്ഷയ്ക്ക് നൽകുന്നത്.

2 താങ്കളുടെ ഇരിപ്പിടത്തിന് സമീപം രജിസ്റ്റർ നമ്പരിനൊപ്പം താങ്കൾക്ക് അനുവദിച്ച ആൽഫാ കോഡ് രേഖപ്പെടുത്തിയിരിക്കും. അതേ ആൽഫാകോഡുള്ള ചോദ്യപുസ്തകം തന്നെയാണ് ലഭിച്ച തെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3 ഉത്തരക്കടലാസോ,ചോദ്യപുസ്തകമോ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ/അച്ചടിവൈകല്യം ഉള്ളതാണെങ്കിൽ മാത്രമേ ഒ.എം.ആർ ഷീറ്റ് /ചോദ്യപുസ്തകം മാറ്റിനൽകുകയുള്ളു

4 ഉത്തരക്കടലാസ് ദ്വാരങ്ങൾ വീഴ്ത്താതെ, നനയാതെ, വൃത്തിഹീനമാകാതെ സൂക്ഷിക്കുക

5 ഒ.എം.ആർ ഷീറ്റിലുള്ള നിർദ്ദേശങ്ങൾ വായിക്കുക. ഉത്തരക്കടലാസിൻെറ മദ്ധ്യ ഭ ാഗത്തായുള്ള ബാർകോഡിൽ അടയാളങ്ങൾ വീഴ്ത്തരുത്. മറിച്ചായാൽ ഉത്തരക്കടലാസ് അസാധുവാകും.

6 ഒ.എം.ആർ ഉത്തരക്കടലാസിൻെറ പാർട്ട് എ-യിൽ രജിസ്റ്റർ നമ്പർ, ജനനത്തീയതി, തസ്തികയുടെ പേര്, പരീക്ഷാതീയതി എന്നിവയും പാർട്ട്-ബി ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ളതാണ്.

7 പാർട്ട് എ-യിൽ രജിസ്റ്റർ നമ്പർ, ജനനത്തീയതി എന്നിവയുടെ ചതുരക്കളത്തിൽ താങ്കളുടെ രജിസ്റ്റർ നമ്പർ, ജനനത്തീയതി എന്നിവ എഴുതുകയും ബന്ധപ്പെട്ട കുമിളകൾ പൂർണ്ണമായി കറുപ്പിക്കുകയും ചെയ്യുക. രജിസ്റ്റർ നമ്പറിനു മുൻപ് നൽകിയിട്ടുള്ള ഇംഗ്ലീഷ് അക്ഷരം പ്രത്യേക ചതുരക്കളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഒന്നിലധികം തസ്തികകൾക്കുള്ള പൊതുപരീക്ഷയ്ക്ക് ലഭിക്കുന്ന ഒ.എം.ആർ ഉത്തരക്കടലാസിൻെറ പാർട്ട് എ യിൽ ഓരോ തസ്തികയ്ക്കുമുള്ള താങ്കളുടെ രജിസ്റ്റർ നമ്പർ എഴുതുകയും ബന്ധപ്പെട്ട കുമിളകൾ കറുപ്പിക്കുകയും ചെയ്യുക.

8 രജിസ്റ്റർനമ്പർ അടയാളപ്പെടുത്തുന്നതിൽ തെറ്റു വരുത്തിയാൽ ഉത്തരക്കടലാസ് അസാധുവാക്കും. **<u>ഒ.എം.ആർ ഷീറ്റ് മാറ്റി നൽകുന്നതല്ല</u>.**

9 പാർട്ട് ബി യിൽ ഓരോ ചോദ്യത്തിൻേറയും ശരിഉത്തരത്തിനുള്ള കുമിള മാത്രം പൂർണ്ണമായി കറുപ്പിക്കുക.

ഉദാ: ഉത്തരം C എങ്കിൽ (A) (B) (⬤) (D)

ഉത്തരക്കടലാസിൽ മറ്റു രേഖപ്പെടുത്തലുകൾ പാടില്ല.

10 ഓരോ ശരി ഉത്തരത്തിനും ഒരു മാർക്ക് വീതം ലഭിക്കും, ഓരോ തെറ്റിനും 1/3 മാർക്ക് വീതം കുറവുചെയ്യും(നെഗറ്റീവ് മാർക്ക്)

11 ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നതും ഒരിക്കൽ അടയാളപ്പെടുത്തിയ ഉത്തരങ്ങൾ തിരുത്തുന്നതും നെഗറ്റീവ് മാർക്ക് ലഭിക്കുന്നതിന് ഇടയാക്കും.

12 ഉത്തരം കണ്ടുപിടിക്കുന്നതിനായി കണക്കുകൂട്ടലുകളോ കുറിപ്പുകളോ എഴുതണമെങ്കിൽ ചോദ്യ പുസ്തകത്തിൻെറ അവസാനമുള്ള വെള്ളക്കടലാസ് ഉപയോഗിക്കുക.

13 പരീക്ഷ എഴുതുന്നതിനുള്ള സമയം കഴിയുമ്പോൾ മാത്രം ഉത്തരക്കടലാസ് പാർട്ട് എ യും പാർട്ട് ബി യുമായി ഇവിടെ മുറിക്കുക എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനു സമീപം കുത്തുകളിട്ട വരയിലൂടെ (ബാർകോഡിനു മദ്ധ്യഭാഗത്തുകൂടെ) കീറി രണ്ടു ഭാഗങ്ങളും അസിസ്റ്റൻറ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്.

14 പരീക്ഷാസമയം കഴിയുന്നതിനു മുൻപായി യാതൊരു കാരണവശാലും എ, ബി പാർട്ടുകൾ വേർപെടുത്തുവാൻ പാടില്ല ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ഉത്തരക്കടലാസ് അസാധുവാക്കും

15 മുകളിൽ 7-ാം ഇനത്തിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഒ.എം.ആർ ഷീറ്റിൻെറ ഒരു മാതൃക താങ്കളുടെ അറിവിലേക്കായി നൽകിയിട്ടുള്ളത് കാണുക